'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല പുത്തൂർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം കുടിവെള്ള വിതരണത്തിന് ചെലവായ തുക കരാറുകാരന് നൽകുന്നതിന് അനുമതി നൽകിയും ബഹു. ഹൈക്കോടതിയയുടെ ഡബ്ല്യൂ.പി(സി)നം.18168/2018 മേലുള്ള 29/10/2018 ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

G.O.(Rt)No.947/2019/LSGD തീയതി,തിരുവനന്തപുരം, 06/05/2019

---

പരാമർശം:- 1 പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/07/2018 ലെ നം.എ2/4073/2018 നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 12/09/2018 ലെ ജി1-4131/18 നമ്പർ കത്ത്.

3 ശ്രീ.അക്ഷയ് പ്രകാശ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി)നം.18168/2018 മേലുള്ള 29/10/2018 ലെ വിധിന്യായം.

## <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമത്തെ തുടർന്ന് 17/4/2017 മുതൽ 5/6/2017 വരെയുള്ള കാലയളവിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 3939240/- രൂപയുടെ കുടിവെള്ള വിതരണം ചെയ്തിരുന്നുവെന്നും, പ്രസ്തുത തുകയിൽ സർക്കാർ ഉത്തരവനുസരിച്ച് 1391000/- രൂപ കരാറുകാരന് നല്കിയിട്ടുണ്ടെന്നും, ശ്രീ. അക്ഷയ് പ്രകാശ് എന്ന കരാറുകാരന് ബാക്കി നൽകേണ്ട തുകയായ 25,48,240/ - രൂപ 2018 - 19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകുന്നതിന് അനുമതി നല്കണമെന്ന് പരാമർശം 1 പ്രകാരം പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. കുടിവെള്ള വിതരണം നടത്തിയ വകയിൽ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട തുക ലഭ്യമാകാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിനായി ബഹു. ഹൈക്കോടതിയിൽ കരാറുകാരൻ ഫയൽ ചെയ്ത WP(C)No.18168/2018 നമ്പർ റിട്ട് പെറ്റീഷനുമേൽ പരാമർശം 3ലെ വിധിന്യായം പ്രകാരം, കരാറുകാരന് നല്കാനുള്ള ബാക്കി തുക നൽകുന്നതിനുള്ള അനുമതിക്കായി 1st Respondent ആയ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച 18/07/2018 ലെ അപേക്ഷ പരിശോധിച്ച് (Ext.R2(a)) 2 മാസത്തിനകം തീരുമാനമെടുക്കണമെന്നും, പഞ്ചായത്ത് സെക്രട്ടറി തുക കരാറുകാരന് അനുവദിച്ച് നൽകാനും ഉത്തരവായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുത്തൂർ ഗ്രാമ പഞ്ചായത്തിൽ 17/4/2017 മുതൽ 5/6/2017 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണം നടത്തിയത് പൊതുതാല്പര്യം മുൻനിർത്തി സദുദ്ദേശപരമായിട്ടാണെന്നും, അർഹരായ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ , പുത്തൂർ ഗ്രാമ പഞ്ചായത്തിൽ 17/4/2017 മുതൽ 5/6/2017 വരെയുള്ള കാലയളവിൽ ലോറികളിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ ശ്രീ.

അക്ഷയ് പ്രകാശ് എന്ന കരാറുകാരന് ബാക്കി നൽകുവാനുള്ള 25,48,240/ - രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി നാല്പത്തെണ്ണായിരത്തി ഇരുന്നൂറ്റി നാല്പതു രൂപ) നൽകുന്നതിനു പഞ്ചായത്തിന് അനുമതി നൽകിയും ബഹു ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J BEENAMOL
DEPUTY SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
സെക്രട്ടറി, പുത്തൂർ ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ